سورة الكفرون

# 109.സൂറതുൽ കാഫിറൂൻ

മക്കഃയിൽ അവതരിച്ചത് - വചനങ്ങൾ 6

ഈ സൂറത്തും, സൂറത്തുൽ 'ഇഖ്‌ലാസ്വും' കഅ്ബഃയെ 'ത്വവാഫ്' (പ്രദക്ഷിണം) ചെയ്തുകഴിഞ്ഞശേഷമുള്ള സുന്നത്ത് നമസ്കാരത്തിൽ നബിﷺ ഓതാറുണ്ടായിരുന്നതായി ജാബിർ (റ) പ്രസ്താവിച്ചതായും, സ്വുബ്ഹ് നമസ്കാരത്തിന് മുമ്പുള്ള സുന്നത്ത് നമസ്കാരത്തിൽ തിരുമേനി രണ്ടും ഓതാറുണ്ടായിരുന്നതായി അബൂഹുറയ്റഃ (റ) പ്രസ്താവിച്ചതായും ഇമാം മുസ്‌ലിം (റ) രേഖപ്പെടുത്തിയിരിക്കുന്നു. സ്വുബ്ഹിന്റെ മുമ്പും മഗ്‌രിബിന്റെ ശേഷവുമുള്ള സുന്നത്ത് നമസ്കാരങ്ങളിൽ തിരുമേനി ഈ രണ്ട് സൂറത്തുകളും പലവട്ടം ഓതുകയുണ്ടായിട്ടുണ്ടെന്ന് അഹ്മദ്, തിർമദീ, ഇബ്നുമാജഃ (റ) മുതലായവർ ഉദ്ധരിച്ച ഹദീഥുകളിലും വന്നിരിക്കുന്നു. ഉറങ്ങുവാൻ കിടക്കുമ്പോൾ ഈ സൂറത്ത് ഓതുന്നത് നല്ലതാണെന്ന് കാണിക്കുന്ന ചില ഹദീഥുകൾ അഹ്മദും (റ) മറ്റും ഉദ്ധരിച്ചിട്ടുമുണ്ട്.

ഇബ്നുജരീർ, ഇബ്നു അബീഹാതിം (റ) എന്നിവർ ഉദ്ധരിക്കുന്ന ഒരു രിവായത്തിന്റെ സാരം ഇപ്രകാരമാണ്: ചില ക്വുറൈശീ നേതാക്കൾ നബിﷺയോട് ഇങ്ങനെ പറഞ്ഞു: 'മുഹമ്മദേ, ഞങ്ങളുടെ മതം നീ പിൻപറ്റുക, നിന്റെ മതം ഞങ്ങളും പിൻപറ്റാം. ഞങ്ങളുടെ ദൈവങ്ങളെ നീയും ആരാധിക്കുക, നിന്റെ ദൈവങ്ങളെ ഞങ്ങളും ആരാധിക്കാം. എന്നാൽ നിന്റേതാണ് ഉത്തമമെങ്കിൽ അതിൽ ഞങ്ങളും, ഞങ്ങളുടെതാണ് ഉത്തമമെങ്കിൽ അതിൽ നീയും ഭാഗഭാക്കാകുമല്ലോ. അപ്പോൾ നബിﷺ പറഞ്ഞു: 'معاذ لله ان اشرك به غيره' (അല്ലാഹുവിനോട് മറ്റൊന്നിനെ പങ്കുചേർക്കുന്നതിൽനിന്ന് ഞാൻ അവനോട് ശരണം തേടുന്നു!') ഇതിനെത്തുടർന്ന് ഈ സൂറത്ത് അവതരിച്ചു. അനന്തരം മസ്ജിദുൽ ഹറാമിൽവെച്ച് ക്വുറൈശീ പ്രമാണികളുടെ സാന്നിദ്ധ്യത്തിൽ തിരുമേനി ഈ അദ്ധ്യായം ഓതി വിളംബരം ചെയ്യുകയും ചെയ്തു.

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

**പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

قُلۡ يَٰٓأَيُّهَا ٱلۡكَٰفِرُونَ ﴿١﴾

**﴾1﴿ (നബിയേ) പറയുക: 'ഹേ, അവിശ്വാസികളേ!-**

| | |
|---|---|
| لَآ أَعْبُدُ مَا تَعْبُدُونَ ﴿٢﴾ | ﴿2﴾ 'നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല;- |
| وَلَآ أَنتُمْ عَـٰبِدُونَ مَآ أَعْبُدُ ﴿٣﴾ | ﴿3﴾ 'ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. |
| وَلَآ أَنَا۠ عَابِدٌ مَّا عَبَدتُّمْ ﴿٤﴾ | ﴿4﴾ 'നിങ്ങൾ ആരാധിച്ചുവന്നതിനെ (അഥവാ നിങ്ങളുടെ ആരാധന) ഞാനും ആരാധിക്കുന്നവനല്ല;- |
| وَلَآ أَنتُمْ عَـٰبِدُونَ مَآ أَعْبُدُ ﴿٥﴾ | ﴿5﴾ ഞാൻ ആരാധിച്ചുവന്നതിനെ (അഥവാ എന്റെ ആരാധന) നിങ്ങളും ആരാധിക്കുന്നവരല്ല. |
| لَكُمْ دِينُكُمْ وَلِىَ دِينِ ﴿٦﴾ | ﴿6﴾ നിങ്ങൾക്ക് നിങ്ങളുടെ മതം; എനിക്ക് എന്റെ മതം! |

﴿1﴾ قُلْ നീ പറയുക يَاأَيُّهَاالْكَافِرُونَ ഹേ അവിശ്വാസികളേ ﴿2﴾ لاأَعْبُدُ ഞാൻ ആരാധിക്കുന്നില്ല, ആരാധിക്കുന്നതല്ല مَاتَعْبُدُونَ നിങ്ങൾ ആരാധിക്കുന്നതിനെ ﴿3﴾ وَلاأَنتُمْ നിങ്ങളുമല്ല عَابِدُونَ ആരാധിക്കുന്നവർ مَاأَعْبُدُ ഞാൻ ആരാധിക്കുന്നതിനെ ﴿4﴾ وَلاأَنَا ഞാനുമല്ല, ഞാനല്ലതാനും عَابِدٌ ആരാധിക്കുന്നവൻ مَّا عَبَدتُّمْ നിങ്ങൾ ആരാധിച്ചുവന്നതിനെ (നിങ്ങളുടെ ആരാധന) ﴿5﴾ وَلاأَنتُمْ നിങ്ങളുമല്ല عَابِدُونَ ആരാധിക്കുന്നവർ مَاأَعْبُدُ ഞാൻ ആരാധിക്കുന്നതിനെ (എന്റെ ആരാധന) ﴿6﴾ لَكُمْ നിങ്ങൾക്ക് دِينُكُمْ നിങ്ങളുടെ മതം, നടപടി وَلِيَ എനിക്ക് دِينِ എന്റെ മതം, നടപടി

ഇസ്‌ലാമിന്റെ പരിപാവന സന്ദേശങ്ങൾ പ്രബോധനം ചെയ്യാനും, അത് പ്രായോഗികമായി നടപ്പിൽ വരുത്തുവാനുമാണല്ലോ നബിﷺ നിയുക്തനായിട്ടുള്ളത്. ഇസ്‌ലാമിന്റെ പ്രഥമവും പരമപ്രധാനവുമായ ലക്ഷ്യമാകട്ടെ, ശിർക്കിനെ നിർമാർജ്ജനം ചെയ്തു തൗഹീദിനെ സ്ഥാപിക്കുകയുമാണ്. മറ്റുള്ളതെല്ലാം ഈ ലക്ഷ്യത്തിന്റെ വിശദാംശങ്ങളും അനിവാര്യഫലങ്ങളുമാകുന്നു. അപ്പോൾ, ബഹുദൈവാരാധനയാകുന്ന ശിർക്കും, ഏകദൈവാരാധനയാകുന്ന തൗഹീദും തമ്മിൽ ഭാഗികമോ നാമമാത്രമോ ആയ സന്ധിപോലും ഉണ്ടാകുക സാധ്യമല്ല. രണ്ടും തമ്മിൽ പൂർവാപരവിരുദ്ധങ്ങളായിരിക്കയേ ഉള്ളൂ. ഈ യാഥാർത്ഥ്യം സുസ്പഷ്ടവും ഖണ്ഡിതവുമായ ഭാഷയിൽ ശക്തിയുക്തം തുറന്ന് പ്രഖ്യാപിക്കുന്ന ഒരു ചെറു അദ്ധ്യായമാണ് ഇത്. തൗഹീദിന്റെ മൗലികവശങ്ങളെ സുവ്യക്തമായ ഭാഷയിൽ സംക്ഷിപ്തമായി വിവരിക്കുന്ന ഒരു ചെറു അദ്ധ്യായമാണ് സൂറത്തുൽ ഇഖ്ലാസ്വ്. അപ്പോൾ, ഈ രണ്ട് സൂറത്തുകളും തമ്മിലുള്ള പൊരുത്തവും ബന്ധവും, അവയിലെ ആശയങ്ങളുടെ പ്രാധാന്യവും വ്യക്തമാണല്ലോ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ لَاإِلَٰهَ إِلَّا اللهُ (അല്ലാഹു അല്ലാതെ ഒരു ആരാധ്യനുമില്ല) എന്ന കലിമതുത്തൗഹീദിന്റെ ആദ്യഭാഗമായ لَاإِلَٰهَ (ഒരാരാധ്യനുമില്ല) എന്നതിന്റെ വിശദീകരണമാണ് ഈ സൂറത്ത് എന്നും, അവസാനഭാഗമായ إِلَّا اللهُ (അല്ലാഹു ഒഴികെ) എന്നതിന്റെ വിശദീകരണമാണ് സൂ: ഇഖ്ലാസ്വ് എന്നും പറയാം. ഈ രണ്ട് സൂറത്തുകൾക്കും നബി ﷺ വളരെ

പ്രാധാന്യം കൽപിച്ചിരുന്നതിന്റെ രഹസ്യം ഇതിൽനിന്ന് മനസ്സിലാക്കാമല്ലോ.

ഈ സൂറത്തിലെ ആശയം ഇങ്ങനെ സംഗ്രഹിക്കാം: അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിച്ചുവരുന്ന യാതൊരു ദൈവത്തെയും– അവ വിഗ്രഹങ്ങളാകട്ടെ, മറ്റെന്തെങ്കിലുമാകട്ടെ– ഞാൻ ആരാധിക്കുന്നില്ല. ഞാൻ അതിന് തയ്യാറുമില്ല. ഞാൻ ആരാധിച്ചുവരുന്നത് അല്ലാഹുവിനെമാത്രമാണ്. അവനെ നിങ്ങളും ആരാധിക്കുന്നില്ല. അതിന് നിങ്ങൾ തയ്യാറുമില്ല. നിങ്ങൾ നടത്തിവരുന്ന ശിർക്കുപരമായ ആരാധനാമുറകൾ ഒന്നും എനിക്ക് സ്വീകാര്യമല്ല. എന്റെ ആരാധനാമുറകൾ നിങ്ങളും സ്വീകരിക്കുന്നില്ല. എന്റെ ആരാധ്യനായ അല്ലാഹു നിർദ്ദേശിച്ചുതന്ന ആരാധനാ രൂപം മാത്രമാണ് ഞാൻ സ്വീകരിച്ചുവരുന്നത്. നിങ്ങൾ നടത്തിവരുന്ന ആരാധനകളാകട്ടെ, അവ നിങ്ങൾതന്നെ സ്വയം കെട്ടിയുണ്ടാക്കിയ ചില ചടങ്ങുകൾ മാത്രമാണ്. അതുകൊണ്ട് നാം തമ്മിൽ ഒരു കാലത്തും യോജിക്കുക എന്ന പ്രശ്നമേ ഇല്ല. നിങ്ങൾ നിങ്ങളുടെ മതവും നടപടിക്രമവും പിൻപറ്റിക്കൊള്ളുക. ഞാൻ എന്റെ മതവും നടപടിയും പിൻപറ്റിക്കൊള്ളാം. അതതിന്റെ ഫലം നമുക്ക് ഇരുകൂട്ടർക്കും വഴിയെ കണ്ടറിയുകയും ചെയ്യാം.

ഇബ്റാഹീം നബിﷺയും, അദ്ദേഹത്തോടൊപ്പം സത്യവിശ്വാസം സ്വീകരിച്ചവരും അവരുടെ ജനതയായ മുശ്‌രിക്കുകളോട് നാം തമ്മിൽ യാതൊരു ബന്ധവുമില്ലെന്നും, നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നതുവരേക്കും നാം തമ്മിൽ പ്രത്യക്ഷ ശത്രുതയാണുള്ളതെന്നും മറ്റും തുറന്നു പ്രഖ്യാപിച്ച വിവരം സൂറത്തുൽ മുംതഹിനഃ (الممتحنة)യിൽ അല്ലാഹു ഉദ്ധരിച്ചിരിക്കുന്നു. അതിൽ നിങ്ങൾക്ക് നല്ലതായ ഒരു മാതൃകയുണ്ട് എന്നും അതോടൊപ്പം നമ്മെ അല്ലാഹു ഉണർത്തുകയും ചെയ്തിരിക്കുന്നു. (സൂ: മുംതഹിനഃ 4-ാം വചനം നോക്കുക) അതുപോലെയുള്ള ഒരു പ്രഖ്യാപനം ഈ സമുദായത്തിലെ മുശ്‌രിക്കുകളോടും ചെയ്യാനാണ് ഈ സൂറത്തിൽ അല്ലാഹു നബിﷺയോട് കൽപിക്കുന്നത്. നബിﷺയോടുള്ള കൽപന അവിടുത്തെ അനുയായികൾക്കും ബാധകമാണെന്ന് പറയേണ്ടതില്ലല്ലോ. والله اعلم

﴿اللهم لك الحمد والمنة﴾